പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

14.07.2016 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1741

# സംയോജിത സഹകരണ വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ സംയോജിത സഹകരണവികസനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ ജില്ലയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും, കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവ ശേഷി വികസനത്തിനു പരിശീലനം, പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം എ.റ്റി.എം എന്നിവ സ്ഥാപിക്കുക, ആശുപത്രി സഹകരണ സംഘങ്ങൾക്ക് |

അടിസ്ഥാന സൗകര്യ വികസനം, ഇടുക്കി ദർശൻ പ്രോജക്ട്, തേക്കടിയിൽ സഹകരണ ഗസ്റ്റ് ഹൗസ് വിദ്യാഭ്യാസ മേഖലയിൽ തൊടുപുഴ വിദ്യാഭ്യാസ സഹകരണ സംഘത്തിനും, നെടുംങ്കണ്ടം ബ്ലോക്ക് വിദ്യാഭ്യാസ സഹകരണ സംഘത്തിനും അടിസ്ഥാന സൗകര്യ വികസനം, കാർഡമം ഡ്രയർ യൂണിറ്റുകൾ, തങ്കമണി ടീ ഫാക്ടറി, അറകുളം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ സ്പൈസ് പൗഡറിംഗ് യൂണിറ്റിന്റെ വികസന പദ്ധതികൾ, മലനാട് റ്റീ ഫാക്ടറിയുടെ ആധുനികവത്കരണം എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇടുക്കി രണ്ടാംഘട്ട പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിൽ ഓഫീസ് കെട്ടിടം, ഗോഡൗൺ ഫർണീച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം എന്നിവ നിർമ്മിക്കുക, പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം, എ.റ്റി.എം എന്നിവ സ്ഥാപിക്കുക, ഡയറി സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവ ശക്തിപ്പെടുത്തുക, വിദ്യാഭ്യാസ മേഖലയിൽ, ചിറ്റൂർ, മണ്ണാർക്കാട്, പാലക്കാട് എന്നീ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് കെട്ടിടം, ഫർണീച്ചർ, കമ്പ്യൂട്ടർ എന്നിവയ്ക്കുള്ള ധനസഹായം, ആശുപത്രി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, വ്യാവസായ മേഖലയിൽ പാഡികോയുടെ ആധുനികവത്കരണത്തിന് ധനസഹായം, എസ്.സി.എസ്.റ്റി, കൈത്തറി സംഘങ്ങൾക്കുള്ള ധനസഹായം, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്.

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ?

(സി) 1. **ഐ.സി.ഡി.പി ഇടുക്കി രണ്ടാം ഘട്ടം**

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ, ക്യാഷ് കൗണ്ടർ, സ്ട്രോംഗ് റൂം, സേഫ് ഡെപ്പോസിറ്റ് ലോക്കർ, ജനറേറ്റർ, കോൺഫറൻസ് ഹാൾ, കറൻസി കൗണ്ടിംഗ് മെഷീൻ, ആംബുലൻസ് എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ചു നൽകി. പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഡയറി, വനിതാ സംഘങ്ങൾക്ക് ഗോഡൗൺ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, മാർജിൻ മണി

എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ച് നൽകി. വിദ്യാഭ്യാസ മേഖലയിൽ ലോ കോളേജ് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചു. തങ്കമണി ടീ ഫാക്ടറി നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് ശാഖകളുടെ നവീകരണം, കറൻസി കൗണ്ടിംഗ് മെഷീൻ, എ.റ്റി.എം ഓഹരി എന്നിവയ്ക്ക് തുക അനുവദിച്ച് നൽകി.

**2.ഐ.സി.ഡി.പി പാലക്കാട് രണ്ടാം ഘട്ടം**

പ്രാഥമിക സഹകരണ സംഘങ്ങൾക്ക്, മാർജിൻ മണി, കൗണ്ടർ ഫർണീച്ചർ, കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ, സി.സി.റ്റി.വി, സോളാർ പാനൽ, ഇൻവെർട്ടർ, എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ച് നൽകി ആരോഗ്യ മേഖലയിൽ ഇ.കെ.നായനാർ സഹകരണ ആശുപത്രിയ്ക്ക് ഓഹരി, ചേർപ്പുളശ്ശേരി സഹകരണ ആശുപത്രിയ്ക്ക് ആശുപത്രി ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം നൽകി. പാലക്കാട് ജില്ലാ സഹകരണ ബാങ്കിന് ഓഹരി, ശാഖകൾക്ക് ആധുനിക കൗണ്ടർ എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ചു നൽകി.

സെക്ഷൻ ഓഫീസർ